ലാത്തൂരിൽ സ്ഥാപിച്ച കേരള ഗ്രാമത്തിന്റെ നിർമ്മാണ ചെലവ്

34 [1599] ശ്രീ. പി. എം. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ലാത്തൂരിൽ സ്ഥാപിച്ച കേരള ഗ്രാമത്തിന്റെ നിർമ്മാണ ചെലവിനായി ഹൗസിംഗ് ബോർഡിനു സംസ്ഥാന സർക്കാർ എന്തു തുക നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കേരള ഗ്രാമത്തിന്റെ താക്കോൽ ദാന ചടങ്ങിനായി എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മിതി കേന്ദ്രത്തിനു കേരള ഗ്രാമത്തിന്റെ നിർമ്മാണ ചെലവിനായി നൽകിയ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ 1,79,73,000 രൂപ (ഒരു കോടി എഴുപത്തിഒൻപത് ലക്ഷത്തി എഴുപത്തി മൂവായിരം രൂപ മാത്രം) ഹൗസിംഗ് ബോർഡിനു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിർമ്മിതി കേന്ദ്രത്തിനു കേരള സർക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1,81,41,000 രൂപ (ഒരുകോടി എൺപത്തി ഒന്ന് ലക്ഷത്തി നാൽപ്പത്തി ഒന്നായിരം രൂപ) നൽകിയിട്ടുണ്ട്.

ഹൗസിംഗ് ബോർഡ് നടത്തിയ ഭൂമിയിടപാട്

35 [1601] ശ്രീ. ടി. കെ. രാമകൃഷ്ണൻ:
,, ടി. ഫാത്തു:
,, ഇ. ശങ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് നടത്തിയിട്ടുള്ള ഭൂമിയിടപാടുകളെക്കുറിച്ച് ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങളെ കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പാലക്കാട് കഞ്ചിക്കോട് ഹൗസിംഗ് ബോർഡ് ഭൂമി ഇടപാട് സംബന്ധിച്ച് അന്വേഷണം പൂർത്തിയായോ;

(സി) എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ, ബി, സി) മലയാള മനോരമ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച വാർത്തയെത്തുടർന്ന് കഞ്ചിക്കോട് സ്ഥലമെടുക്കുന്ന നടപടി ബോർഡ് റദ്ദാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത ആരോപണത്തെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷിക്കുന്നതിന് റവന്യൂബോർഡ് അംഗം ശ്രീ. എം. ജി. കെ. മൂർത്തിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അന്വേഷണം പൂർത്തിയായി. പ്രസ്തുത ഇടപാടിൽ അഴിമതി ഒന്നും നടന്നിട്ടില്ല എന്നാണ് റിപ്പോർട്ട്.

ഹൗസിംഗ് ബോർഡ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്ത വായ്പ

36 [1602] ശ്രീ. എ. സി. ഷൺമുഖദാസ്:

,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-1991 മുതൽ 31-12-1995 വരെ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് എന്ത് തുക വീതം വായ്പ എടുത്തിട്ടുണ്ട്;

(ബി) ഇതിൽ എന്തു തുക ലാൻറ് അക്വിസിഷനുവേണ്ടി ചിലവാക്കി;

(സി) എന്തു തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1-7-1991 മുതൽ 31-12-1995 വരെ താഴെ പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ആകെ 21,091·75 ലക്ഷം രൂപ വായ്പയായി സമാഹരിച്ചു.

		രൂപ
1.	ഹഡ്കോ ..	20,059·75 ലക്ഷം
2.	എച്ച്.ഡി.എഫ്.സി. ..	433·00 ലക്ഷം
3.	ബാങ്കുകൾ ..	599·00 ലക്ഷം

(ബി) പ്രസ്തുത കാലയളവിൽ ലാൻറ് അക്വിസിഷൻ ചാർജായി 1,05,50,928·14 രൂപ ചെലവഴിക്കുകയുണ്ടായി.

(സി) വിവിധ വായ്പാ പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് വിതരണത്തിനായി 10,810·22 ലക്ഷം രൂപ ബോർഡ് ചെലവഴിച്ചു.

ഇതിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

	രൂപ
ദുർബല വിഭാഗത്തിന് ..	1609 ലക്ഷം
താഴ്ന്ന വിഭാഗത്തിന് ..	1649 ലക്ഷം
ഇടത്തരം വരുമാന വിഭാഗത്തിന് ..	2792 ലക്ഷം
എം.എൽ.എ./എം.പി. പദ്ധതി ..	61·10 ലക്ഷം
ഉയർന്ന വരുമാന വിഭാഗത്തിന് ..	1397 ലക്ഷം
കൈരളി പദ്ധതി ..	1592·23 ലക്ഷം
പുനരധിവാസ ഭവന പദ്ധതി ..	805·22 ലക്ഷം
പ്രകൃതിക്ഷോഭംമൂലം വീട് നഷ്ടപ്പെട്ടവർക്കുള്ള ഭവനപദ്ധതി	904·67 ലക്ഷം
ആകെ ..	10810·22 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly